"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ശ്രീമതി. ബിജിമോൾ കെ.ബി. കെഎഎസ് (PEN : 769516) പ്രസവാവധിക്കുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്ത തീയതി മുതൽ നിയമന ഉത്തരവ് ലഭിച്ച തീയതി വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1371/2025/GAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1101/2025/GAD തീയതി, 14.03.2025.
2. ശ്രീമതി. ബിജിമോൾ കെ.ബി. കെഎഎസ് സമർപ്പിച്ച 14.03.2025 - ലെ അപേക്ഷ.

**ഉത്തരവ്**

പ്രസവാവധിക്കുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി 12.02.2025 - ന് റിപ്പോർട്ട് ചെയ്തിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. ബിജിമോൾ കെ. ബി. കെഎഎസ് - ന് പരാമർശം (1) ഉത്തരവ് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി നിയമനം നൽകി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, 14.03.2025 പൂർവ്വാഹ്നത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ചാർജെടുത്തിട്ടുള്ളതിനാൽ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകണമെന്ന് ശ്രീമതി. ബിജിമോൾ കെ.ബി. കെഎഎസ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. ബിജിമോൾ കെ. ബി. കെഎഎസ് (PEN : 769516), പ്രസവാവധിക്കുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിരുന്ന 12.02.2025 പൂർവ്വാഹ്നം മുതൽ അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന 14.03.2025 പൂർവ്വാഹ്നം വരെയുള്ള കാലയളവ്, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12 (7) - ന്റെ ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

അഡിഷണൽ സെക്രട്ടറി

ശ്രീമതി. ബിജിമോൾ കെ.ബി. കെഎഎസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 26-03-2025 17:28:46
സെക്ഷൻ ഓഫീസർ